ശ്രീ. സി. പി. ബാലൻ വൈദ്യർ : കേരളാ സോപ്പ്സ് മേൽത്തരം സോപ്പാണ്. എന്നിട്ടുപോലും വേണ്ടത്ര മാർക്കറ്റ് പിടിക്കാൻ കഴിയാത്ത ഒരു സ്ഥിതിയുണ്ട്. പ്രചരണരംഗത്തെ പോരായ്മയാണ് അതിന് പ്രധാനപ്പെട്ട കാരണമെന്ന് മനസ്സിലാക്കുന്നു. അത് പരിഹരിക്കുന്നതിന്, പ്രചരണരംഗത്ത് മറ്റ് കുത്തക വ്യവസായ സ്ഥാപനങ്ങളും നടത്തുന്ന പ്രചരണത്തെ അതിജീവിക്കത്തക്ക വിധത്തിലുള്ള സംവിധാനം ഉണ്ടാക്കുന്നതിനെക്കുറിച്ച് ഗവൺമെന്റ് ആലോചിക്കുമോ ?

ശ്രീമതി കെ. ആർ. ഗൗരി അമ്മ : പ്രചരണരംഗത്തുള്ള പോരായ്മയാണ് അതിനു കാരണമെന്ന് ആരാണ് പറഞ്ഞത് എന്ന് എനിക്കറിഞ്ഞുകൂടാ. അവിടെ ആവശ്യത്തിൽ കൂടുതൽ തൊഴിലാളികളും ഉണ്ട്. അതിനേക്കാളായ എക്സ്പെൻഡിച്ചർ കൂടുതലാണ്. നേരത്തെ അതിന് 18 കോടി രൂപയുടെ നഷ്ടമായിരുന്നു. സോപ്പ്സ് എന്നു പറയുന്നത് വളരെ കോമ്പറ്റിറ്റീവാണ്. കേരളാ സോപ്പ്സ് ഉൽപ്പന്നം മികച്ച സോപ്പെന്നും പറഞ്ഞ് ടി.വി.യിൽ പരസ്യമൊക്കെ വരുന്നുണ്ട്. എന്താണ് തകരാറ് എന്നുള്ളതിനെപ്പറ്റി രണ്ടുമൂന്നു കൊല്ലമായി, തുടർച്ചയായി ചർച്ച ചെയ്തുനോക്കുകയാണ്. ഉൽപ്പാദിപ്പിക്കുന്ന സാധനങ്ങൾ വിറ്റഴിക്കാൻ കഴിയുന്നില്ലെന്നുള്ളതാണ് നേരാണ്. കച്ചവടത്തിന്റെ രീതി രണ്ടുമൂന്നു വിധത്തിൽ മാറ്റിനോക്കി. ഇതുവരെ ശരിയായിട്ടില്ല. മറ്റു കുത്തക വ്യവസായസ്ഥാപനങ്ങളെ അതിജീവിക്കത്തക്കവിധത്തിലുള്ള ഒരു പ്രചരണ സംവിധാനം വരണമെങ്കിൽ കോടിക്കണക്കിന് രൂപ മുടക്കണം. അത്രയും തുക മുടക്കാൻ കേരള സർക്കാരിന് എവിടെയാണുള്ളത്?

വികലാംഗർക്കുവേണ്ടിയുള്ള ക്ഷേമപദ്ധതികൾ

* 2. [199] ശ്രീ. സി. കെ. രാജേന്ദ്രൻ :
ശ്രീമതി നബീസാ ഉമ്മാൾ :
ശ്രീ. പാച്ചേനി കുഞ്ഞിരാമൻ :
പ്രൊഫസർ എം. കെ. സാനു
ശ്രീമതി ജെ. മെഴ്സിക്കുട്ടി അമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തെ അന്ധർ, ബധിരർ, മൂകർ, അസ്ഥിവൈകല്യം സംഭവിച്ച വികലാംഗർ, മന്ദബുദ്ധികൾ എന്നിവരെ പുനരധിവസിപ്പിക്കുന്നതിനും അവരുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനുമായി എന്തെങ്കിലും ക്ഷേമപദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ വിശദാംശങ്ങൾ അടങ്ങുന്ന സ്റ്റേറ്റ്മെന്റ് മേശപ്പുറത്തു വയ്ക്കുമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരി അമ്മ) :

(എ) ആൻറ് (ബി) ഉണ്ട്. വിശദവിവരങ്ങൾ അടങ്ങിയ സ്റ്റേറ്റുമെന്റ് മേശപ്പുറത്തു വച്ചിട്ടുണ്ട്. *

ശ്രീ. സി. കെ. രാജേന്ദ്രൻ : വികലാംഗരായിട്ടുള്ളവർക്ക് തൊഴിൽ പരിശീലനം നൽകുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് നിലവിൽ ഉള്ളത്; എന്തെല്ലാം തൊഴിലുകളിലാണ് പരിശീലനം നൽകുന്നത്?

* അനുബന്ധം—I.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി കെ. ആർ. ഗൗരി അമ്മ : എന്തെല്ലാം തൊഴിലുകളിലാണ് പരിശീലനം നൽകുന്നതെന്ന് പറയാൻ കഴിയുകയില്ല. എഡ്യൂക്കേഷൻ ഡിപ്പാർട്ടുമെന്റിന്റെ കീഴിൽ സംഘടിപ്പിക്കപ്പെട്ടതും ഇവർക്ക് പരിശീലനം കൊടുത്തതുമായ തൊഴിൽ പരിശീലന കേന്ദ്രങ്ങളെ സംബന്ധിച്ച് അനുബന്ധത്തിൽ പറഞ്ഞിട്ടുണ്ട്. ആ സ്ഥാപനങ്ങളിൽ എന്തൊക്കെ നടക്കുന്നുവെന്നതിനെ സംബന്ധിച്ചും അനുബന്ധത്തിൽ കൊടുത്തിട്ടുണ്ട്. അത് വളരെ നീണ്ട ഒരു സ്റ്റേറ്റുമെന്റായതുകൊണ്ടാണ് മേശപ്പുറത്തു വച്ചത്.

ശ്രീ. സി.കെ. രാജേന്ദ്രൻ : തൊഴിൽപരിശീലനം ലഭിച്ചവരും അല്ലാത്തവരുമായ വികലാംഗർക്ക് തൊഴിൽ ലഭിക്കുന്നതിനും പ്രത്യേക പരിഗണന ലഭിക്കുന്നതിനും എന്തെങ്കിലും വ്യക്തമായ തീരുമാനങ്ങൾ ഗവൺമെന്റിനുണ്ടോ ?

ശ്രീമതി കെ.ആർ.ഗൗരി അമ്മ : വികലാംഗരെ സംബന്ധിച്ച് 1981-ൽ വികലാംഗ വർഷത്തിൽ ഒരു തീരുമാനമെടുത്തു. അന്നിരുന്ന ഗവൺമെന്റ് വികലാംഗർക്ക് 3% റിസർവു ചെയ്തുകൊണ്ടുള്ള കത്ത് പ്രൈവറ്റ് കമ്പനികൾക്കടക്കം കൊടുത്തു. അന്ന് ശ്രീമതി ഇന്ദിരാഗാന്ധിയായിരുന്നു പ്രധാനമന്ത്രി. അവരുടെ നിർദ്ദേശപ്രകാരം വികലാംഗർക്ക് 3% റിസർവ് ചെയ്യണമെന്നു പറഞ്ഞ് പി.എസ്.സി.-ക്ക് എഴുതി. അത് പരീക്ഷിച്ചതാണ്. പിൽക്കാലത്ത് അത് പ്രായോഗികമായി നടത്താനുള്ള ബുദ്ധിമുട്ടുകൊണ്ട് ഉപേക്ഷിച്ചു. പിന്നീട് ഒരു വർഷത്തിൽ 180 പേർക്ക് 3% റിസർവേഷൻ കൊടുക്കാനുള്ള പരിപാടി ഉണ്ടാക്കി. അത് കുറെ കാറ്റഗറി ജോലികളാണ്. ഈ വേക്കൻസികളിൽ അതാതു ജില്ലാ കളക്ടേഴ്സ് അവരെ എടുക്കണമെന്ന് നിർദ്ദേശിച്ചിരുന്നു. അതും ഫലപ്രദമായില്ല. അത് ഫലപ്രദമാക്കാൻ മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ഒരു കോൺഫറൻസ് കൂടി തീരുമാനമെടുത്തിട്ടുണ്ട്. മറ്റുവിധത്തിൽ അവർക്ക് തൊഴിൽ കൊടുക്കാൻ വികലാംഗ കോർപ്പറേഷൻ കുറെ നടപടികളെടുക്കുന്നുണ്ട്. അവരുടെ സൗഭാഗ്യ സ്റ്റേറ്റാറുണ്ട്. അവർക്ക് ഒരു ബേക്കറി ഉണ്ട്. കൂടാതെ അവർക്ക് ബങ്ക് കൊടുക്കുന്നതിനുള്ള നടപടികളെടുക്കുന്നുണ്ട്. അതുപോലെതന്നെ അവർക്ക് 3% റിസർവേഷൻ നൽകണമെന്ന കാര്യം വീണ്ടും പി.എസ്.സി.യോട് കൺസൾട്ട് ചെയ്തുനോക്കാം.

ശ്രീമതി നബീസാ ഉമ്മാൾ : പാണ്ടിപ്പാറയിൽ സി.എച്ച്. മുഹമ്മദ്കോയ മെമ്മോറിയൽ മന്ദബുദ്ധികേന്ദ്രം നിലവിലുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അവിടെ എന്തൊക്കെ പുരോഗതികളാണ് ഉണ്ടായിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ?

ശ്രീമതി കെ. ആർ. ഗൗരി അമ്മ : അത് വളരെ വിശദമായി പറയാനുള്ള കാര്യമാണ്. മന്ദബുദ്ധികളുടെ പുനരധിവാസത്തിനു വേണ്ടിയുള്ള ഇൻസ്റ്റിറ്റ്യൂട്ട് ഗവൺമെന്റ് നേരിട്ട് തുടങ്ങാതെ മറ്റു വിധത്തിലുള്ള നടപടികളെടുക്കുന്നുണ്ട്. ആ ഇൻസ്റ്റിറ്റ്യൂട്ടിൽ ഒരു സുഹൃത്ത് സമിതി ഉണ്ടാക്കിക്കഴിഞ്ഞതിനുശേഷം നമ്മുടെ ശരിയായ പ്രവർത്തനംകൊണ്ട് അവിടെനിന്നും ഒരാൾക്ക് ഒരു ബാങ്കിലും മറ്റൊരാൾക്ക് വേറൊരു സ്ഥാപനത്തിലും ജോലി കൊടുത്തിട്ടുണ്ട്. കൂടാതെ ഒരു ഡേകെയർ സെന്റർ തുടങ്ങി അവർക്ക് പരിശീലനം കൊടുത്ത് അവരെ പ്രാപ്തരാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു. സുഹൃത് സമിതികളും അതിനുവേണ്ട പണം സ്വരൂപിക്കാൻ പഞ്ചായത്തുകളുമായിട്ട് അങ്ങനെ യോജിച്ച് നടപടികളും സ്വീകരിച്ചും മുന്നോട്ടുപോകുന്നു. അത് കുറച്ച് നന്നായിട്ടുണ്ടെന്നാണ് എനിക്ക് പറയാനുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി നബീസാ ഉമ്മാൾ : വികലാംഗർ നമ്മുടെ കാരുണ്യം അർഹിക്കുന്നുവെന്നുള്ള രീതിയിലാണ് അവരെ നമ്മൾ വീക്ഷിക്കുന്നത്. സ്വയം തൊഴിൽ ചെയ്യാൻ സന്നദ്ധരായി മുന്നോട്ടുവരുന്ന വികലാംഗർക്ക് എന്തെങ്കിലും സഹായസഹകരണങ്ങൾ ചെയ്യാനുള്ള പദ്ധതികളുണ്ടോ ?

ശ്രീമതി കെ. ആർ. ഗൗരി അമ്മ : സ്വയംതൊഴിൽ ചെയ്യുന്നതിനുവേണ്ടി വരുന്ന ആളുകൾ ഇൻഡസ്ട്രീസ് ഡിപ്പാർട്ടുമെന്റിൽ അപേക്ഷ കൊടുത്താൽ നടപടികളെടുക്കാം. അതിനുപുറമെ വികലാംഗ കോർപ്പറേഷൻ വികലാംഗരുടേതായ അടിവർദ്ധിക്കുവേണ്ടി പ്രവർത്തിക്കേണ്ട ഒരു സംഘടനയാണ്. അവരുടെ സൗഭാഗ്യ സ്റ്റോറെല്ലാം നഷ്ടമായിരുന്നു. ഐ.സി.ഡി.എസ്.-നുള്ള മുഴുവൻ സാധനവും ഇവരോട് വിതരണം ചെയ്യാൻ പറഞ്ഞു. അങ്ങനെ അത് ലാഭകരമാക്കി മറ്റു വിധത്തിൽ ഓരോന്നും ശരിയാക്കുന്നതിനുവേണ്ടിയുള്ള നടപടികളെടുത്തു. കൂടാതെ ഏഴ് ലക്ഷം സ്പോൺസർ ഗവൺമെന്റ് ഫ്രീയായി വികലാംഗരായ കുട്ടികൾക്ക് കൊടുക്കാൻ തീരുമാനിച്ചു. വികലാംഗരായ പെൺകുട്ടികളുടെ ഓർഗനൈസേഷൻ ഉണ്ടാക്കി, അത് അവരെക്കൊണ്ട് സപ്ലൈ ചെയ്യിക്കാൻ ശ്രമിച്ചു. കെമിക്കൽസ് ഉപയോഗിച്ച് കടലാസുണ്ടാക്കുന്നതിനുവേണ്ട റിസർച്ച് നടത്തി. എന്നിട്ട് ആ ഉൽപ്പന്നം വാങ്ങി സപ്ലൈ ചെയ്യുന്നതിന ള്ള നടപടികളുണ്ടായിട്ടുണ്ട്. അങ്ങനെയുള്ള പല നടപടികളുമുണ്ട്. കാരുണ്യത്തിന്റെ പേരിലല്ല, അവർ ഇന്ന് സമൂഹത്തിൽ ദുർബലതകൊണ്ട് ഉള്ളവരാണ്, അത് കണക്കിലെടുത്തുകൊണ്ട് അത് പരിഹരിച്ചുകൊണ്ടു പോകുവാൻ അവരെ സമൂഹത്തിലെ മറ്റുള്ളവരോടൊപ്പം ഉയർത്തുന്നതിനുള്ള നടപടികളാണ് വന്നിരിക്കുന്നത്.

ശ്രീ. പാച്ചേനി കുഞ്ഞിരാമൻ : അന്ധരും മൂകരുമായ കുട്ടികളെ പരിശീലിപ്പിക്കുന്നതിനും, വിദ്യാഭ്യാസം ചെയ്യിപ്പിക്കുന്നതിനും ചില സ്വകാര്യ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. അവർ ഗവൺമെന്റിന്റെ സഹായം ആവശ്യപ്പെടാറുണ്ടോ ; അവർക്ക് വല്ല സഹായങ്ങളും ഗവൺമെന്റ് നൽകാറുണ്ടോ?

ശ്രീമതി കെ. ആർ. ഗൗരി അമ്മ : അത്തരം സ്ഥാപനങ്ങളിൽ ട്രെയിനിംഗ് നടത്തുന്ന ആളുകൾക്ക് 240 രൂപയുടെ സ്റ്റൈപ്പൻഡ് കൊടുക്കുന്നുണ്ട്. അവർക്ക് താമസിക്കുന്നതിന് ചെലവ് കൊടുക്കുന്ന സ്ഥാപനങ്ങളുണ്ട്. കൂടാതെ കേന്ദ്ര ഗവൺമെന്റിലേക്ക് അവരുടെ ആപ്ലിക്കേഷനുകൾ അയച്ചാൽ വോളണ്ടറി ഓർഗനൈസേഷനെന്നുള്ള നിലയിൽ അവർക്ക് കിട്ടാനുള്ള സഹായങ്ങൾ വാങ്ങിച്ചുകൊടുക്കുന്നുണ്ട്. കണ്ണൂരിൽ മന്ദബുദ്ധികൾക്കുവേണ്ടി ഒരു സ്കൂൾ അനുവദിക്കുന്നതിന് അവർ എന്നെ സമീപിച്ചു. ഞാൻ കേന്ദ്രവുമായി ബന്ധപ്പെട്ടതിന്റെ പേരിൽ സ്കൂൾ നടത്താനുള്ള പൈസ അനുവദിച്ചുകിട്ടി. ഇങ്ങനെ കേന്ദ്രത്തിന്റെ സഹായം വാങ്ങിച്ചു കൊടുക്കാൻ കഴിയുന്നത് ആ വിധത്തിലും, സംസ്ഥാന ഗവൺമെന്റിനു കൊടുക്കാൻ കഴിയുന്നത് ആ വിധത്തിലും കൊടുക്കുന്നുണ്ട്. മന്ദബുദ്ധികളെ ഗവൺമെന്റ് ചെലവിൽ തന്നെ താമസിപ്പിക്കുന്നുണ്ട്. മറ്റുള്ളവർ താമസിപ്പിക്കുന്ന സ്ഥലത്താണെങ്കിലും അവർക്ക് സൗകര്യം ചെയ്തുകൊടുക്കുന്നുണ്ട്. കൂടാതെ അടുത്ത് കാലത്ത് പ്രൈവറ്റ് ബസ്സുകൾ നിശ്ചിത ശതമാനം കൺസഷൻ സർട്ടിഫിക്കറ്റ് കൊടുക്കുന്നതിനുള്ള നടപടികളെടുത്തിട്ടുണ്ട്. ഇങ്ങനെ അവരെ സംബന്ധിച്ച് സഹായകരമായ ഒരു നിലപാടാണ് ഗവൺമെന്റ് ഇതുവരെ എടുത്തിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പാച്ചേനി കുഞ്ഞിരാമൻ : അവർക്ക് സാമ്പത്തിക സഹായം നൽകുന്നതിന് കുടുംബ വരുമാന പരിധിയുണ്ടോ ?

ശ്രീമതി കെ.ആർ. ഗൗരി അമ്മ : പഠിക്കുന്ന വികലാംഗ വിദ്യാർത്ഥികൾക്ക് സാമ്പത്തിക സഹായം ലഭിക്കുന്നതിനുള്ള വരുമാന പരിധി ആറായിരം രൂപയായിരുന്നത് പതിനയ്യായിരം രൂപവരെ ഉയർത്തിയിട്ടുണ്ട്. അതുപോലെതന്നെ സ്വകാര്യ സ്ഥാപനങ്ങളിലുള്ളവർക്ക് ആറായിരം രൂപ ആയിരുന്നത് പതിനായിരം രൂപയായി ഉയർത്തി. പ്രതിമാസ സ്റ്റൈപ്പൻറ് 100 രൂപയിൽനിന്ന് 180 രൂപയാക്കി ഉയർത്തിയിട്ടുണ്ട്, വൈകല്യം 50 ശതമാനത്തിൽ കുറയാത്തവർക്ക് സൗജന്യ നിരക്കിൽ യാത്ര ചെയ്യാനുള്ള അനുവാദം കൊടുത്തിട്ടുണ്ട്. അതിനുംപുറമെ വികലാംഗർക്ക് കൊടുത്തുകൊണ്ടിരുന്ന 75 രൂപ ഈ ബഡ്ജറ്റിൽ 85 രൂപയായി ഉയർത്തിയിട്ടുണ്ട്. ഈ ഗവൺമെൻറിന്റെ സാമ്പത്തിക ഞെരുക്കത്തിൽ പോലും അത് ചെയ്തുകൊടുത്തിട്ടുണ്ട്.

ശ്രീമതി ജെ. മെഴ്സിക്കുട്ടി അമ്മ : അന്ധരും ബധിരരുമായ കുട്ടികൾക്കുവേണ്ടി നമ്മുടെ സംസ്ഥാനത്ത് 16 സ്കൂളുകളുണ്ടെന്നറിയുന്നു. അന്ധരും ബധിരരുമായ സ്കൂളിൽ അഡ്മിഷൻ ആവശ്യപ്പെടുന്ന മുഴുവൻ കുട്ടികൾക്കും ഇന്ന് അഡ്മിഷൻ കിട്ടാത്ത ഒരു സാഹചര്യമാണ് നമ്മുടെ സംസ്ഥാനത്ത് നിലനിൽക്കുന്നത്. വിദ്യാഭ്യാസം ആവശ്യപ്പെടുന്ന മുഴുവൻ കുട്ടികൾക്കും വിദ്യാഭ്യാസ സൗകര്യം കൊടുക്കാൻ കഴിയുന്ന സംവിധാനമേർപ്പെടുത്തുമോ ?

ശ്രീമതി കെ. ആർ. ഗൗരി അമ്മ : ഈ സ്ഥാപനങ്ങളൊക്കെ എഡ്യൂക്കേഷൻ ഡിപ്പാർട്ട്മെൻറിന്റെ കീഴിലാണ്. അതുകൊണ്ട് നോട്ടീസ് ഇല്ലാതെ മറുപടി പറയാൻ കഴിയുകയില്ല.

ശ്രീമതി ജെ. മെഴ്സിക്കുട്ടി അമ്മ : എംപ്ലോയ്മെൻറ് എക്സ്ചേഞ്ചു വഴി ഡിപ്പാർട്ടുമെൻറിൽവയ്ക്കുന്ന വികലാംഗരെ, അവർ വികലാംഗരായതുകൊണ്ട് സ്ഥിരപ്പെടുത്താനുള്ള നടപടി സ്വീകരിക്കുമോ ?

ശ്രീമതി കെ. ആർ. ഗൗരി അമ്മ : ഈ കാര്യം ഗവൺമെൻറിന്റെ പരിഗണനയിലിരിക്കുകയാണ്. പുതിയ കോഡ് ഓഫ് കോണ്ടക്ടിൽ ഇത് എങ്ങനെ വരുമെന്നറിയില്ല. ഏതായാലും മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ ഒരു കോൺഫറൻസിൽ ഞങ്ങളും അതിന് ഒരു തീരുമാനമെടുത്തിട്ടുണ്ടായിരുന്നു. അത് നടപ്പിലാക്കാൻ കഴിയുമോ എന്ന് നോക്കാം.

ശ്രീ. പി. ജോസ്ക്കരൻ : കണ്ണൂരിലെ തോട്ടടിയിൽ സാമൂഹ്യ സംഘടനകൾ ഒത്തുചേർന്നുകൊണ്ട് പ്രവർത്തിക്കുന്ന മന്ദബുദ്ധികൾക്കായുള്ള വിദ്യാലയം ബഹുമാനപ്പെട്ട മന്ത്രി ഉൽഘാടനം ചെയ്തതാണ്. അവർക്ക് എന്തൊക്കെയാണ് സഹായം ചെയ്തുവരുന്നതെന്ന് വ്യക്തമാക്കാമോ ?

ശ്രീമതി കെ.ആർ. ഗൗരി അമ്മ : ഞാൻ ഉത്ഘാടനം ചെയ്തില്ല. പക്ഷെ കണ്ണൂരിൽ പോയപ്പോൾ ഞാൻ ആ സ്ഥാപനത്തിൽ പോയി. അവർക്ക് ആവശ്യമുള്ള പണം നമ്മളാണ് കേന്ദ്രത്തിൽ പറഞ്ഞ് വാങ്ങിച്ചു കൊടുക്കുന്നത്. ജനറലായിട്ടു പറഞ്ഞിരിക്കുന്ന ബാക്കിയുള്ള സഹായമെല്ലാം അവർക്ക് ലഭിക്കും.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ : വികലാംഗർക്ക് 3% ജോലി നൽകുന്നതിനുള്ള നടപടിയെടുത്തിട്ടുണ്ടെന്ന് മന്ത്രി പറയുകയുണ്ടായി. ഇത് കൃത്യമായി പാലിക്കുന്നുണ്ടോയെന്ന് നോക്കാൻ ഒരു പ്രത്യേക സെൽ രൂപീകരിച്ച് അതിന്റെ പ്രവർത്തനം മുന്നോട്ടുകൊണ്ടുപോകാൻ ഗവൺമെന്റ് മുന്നോട്ടു വരുമോ ?

ശ്രീമതി കെ. ആർ. ഗൗരിയമ്മ : 1981-ൽ മൂന്ന് ശതമാനമെന്നാണ് പറഞ്ഞത്. ഇന്ന് ആണ്ടോടാണ്ട് 150 പോസ്റ്റ് വികലാംഗർക്കുവേണ്ടി നീക്കി വയ്ക്കുകയാണ്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽനിന്നും എടുക്കണമെന്നാണ് പറഞ്ഞിരുന്നത്. പക്ഷെ അത് നടക്കുന്നില്ല. നടക്കാത്തതുകൊണ്ടാണ് ഞങ്ങൾ ഇത് പരിശോധിച്ചത്.

ശ്രീ. ചെർക്കളം അബ്ദുള്ള : കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് വികലാംഗർക്ക് സ്വയംതൊഴിൽ കണ്ടെത്തുന്നതിനുവേണ്ടി ധാരാളം പെട്ടിക്കടകൾ സംസ്ഥാനത്തിന്റെ പല ഭാഗങ്ങളിലായി അനുവദിച്ചിരുന്നു. ഈ പ്രാവശ്യം ഇങ്ങനെ പെട്ടിക്കടകൾ നൽകുന്നതിന് വല്ല പരിപാടിയും ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടോ ; ഉണ്ടെങ്കിൽ എത്ര പേർക്ക് നൽകാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ശ്രീമതി കെ. ആർ. ഗൗരിയമ്മ : 1981-ലെ വികലാംഗ വർഷം 1000 ബങ്കുകൾ എന്നുള്ള ഒരു സ്കീമായിരുന്നു എടുത്തിരുന്നത്. കുറെ സ്ഥലങ്ങളിൽ കൊടുത്തു. അത് പലതും കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് റോഡുവികസനത്തിന്റെ പേരിൽ മാറിയിരുന്നു. അതാണ് വന്നത്. ബാങ്കിൽനിന്നും പലിശ ഇല്ലാത്ത 4000 രൂപ കടം വാങ്ങിച്ച് കൊടുത്തു തുടങ്ങിയ ബങ്കുകളാണ്. ഇന്നിപ്പോൾ നമ്മൾ ഒരു സ്കീം വച്ചിട്ട് പഞ്ചായത്തുകൾക്ക് എഴുതിയിരിക്കുകയാണ്. അതായത് ഒരു പഞ്ചായത്ത് ഒരു കട വീതമെങ്കിലും, പൊളിച്ചുമാറ്റേണ്ടാത്ത സ്ഥലത്ത് അവർക്ക് കൊടുക്കത്തക്കവിധത്തിലുള്ള നടപടി ഉണ്ടാകണമെന്ന്.

വ്യാവസായികമായി പിന്നോക്കം നിൽക്കുന്ന ജില്ലകൾ

* 3. [200] ശ്രീ. പി. രവീന്ദ്രൻ :
,, വി. കെ. രാജൻ :
,, കാനം രാജേന്ദ്രൻ :
,, കെ. ആർ. ചന്ദ്രമോഹനൻ :
,, എ. എം. പരമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഏത്ര ജില്ലകളെ വ്യാവസായികമായി പിന്നോക്കം നിലനിൽക്കുന്നവയായി കേന്ദ്രം ഉൾപ്പെടുത്തിയിട്ടുണ്ട് ;

(ബി) അവ ഏതെല്ലാമാണെന്ന് വ്യക്തമാക്കുന്ന സ്റ്റേറ്റ്മെന്റ് മേശപ്പുറത്ത് വയ്ക്കുമോ ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ) :

(എ) ഏഴു ജില്ലകൾ.

(ബി) മേശപ്പുറത്ത് വച്ചിട്ടുണ്ട്. *

* അനുബന്ധം II

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം I

[നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 2 (199) കാണുക]

വികലാംഗക്ഷേമ പരിപാടികൾ

1. ജി. ഒ. (പി) നമ്പർ 2/88/എസ്. ഡബ്ളിയു. ഡി. തീയതി 5-1-1988 അനുസരിച്ച് 1 മുതൽ 8 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന വികലാംഗ വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് അനുവദിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള കുടുംബവാർഷിക വരുമാന പരിധി 6,000 രൂപയിൽ നിന്നും 15,000 രൂപയായി ഉയർത്തി.

2. ജി.ഒ. (എം.എസ്.) നമ്പർ 27/87/എസ്. ഡബ്ല്യു. ഡി. തീയതി 24-7-1987 അനുസരിച്ച് സ്വകാര്യസ്ഥാപനങ്ങളിൽ പഠിക്കുന്ന ബുദ്ധിമാന്ദ്യം സംഭവിച്ച വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് അനുവദിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള കുടുംബ വാർഷിക വരുമാന പരിധി 6,000 രൂപയിൽനിന്നും 10,000 രൂപയായി ഉയർത്തി.

3. ജി.ഒ. (എം.എസ്) നമ്പർ 25/87/എസ്.ഡബ്ല്യു.ഡി. തീയതി 2-7-1987 അനുസരിച്ച് വികലാംഗ തൊഴിൽ പരിശീലന കേന്ദ്രങ്ങളിലെ വിദ്യാർത്ഥികൾക്ക് സ്റ്റൈപൻറ് അനുവദിക്കുന്നതിന് നിശ്ചയിച്ചിരുന്ന കുടുംബ വാർഷിക വരുമാന പരിധി 8,000 രൂപയിൽ നിന്ന് 10,000 രൂപയായി ഉയർത്തുകയും ജി.ഒ. (എം.എസ്.) നമ്പർ 32/87/എസ്. ഡബ്ല്യു. ഡി. തീയതി 31-8-1987 അനുസരിച്ച് പ്രതിമാസ സ്റ്റൈപൻറ് 100 രൂപയിൽനിന്നും 150 രൂപയായി ഉയർത്തുകയും ചെയ്തു.

4. ജി.ഒ. (പി) നമ്പർ 29/89/പി.ഡബ്ല്യു. ആൻറ് ററി. തീയതി 7-4-1989 അനുസരിച്ച് അന്ധർ, ബധിരർ, അസ്ഥിസംബന്ധമായ വൈകല്യമുള്ളവർക്ക് (50%-ൽ കുറയാത്ത വൈകല്യമുള്ളവർക്ക്) സ്വകാര്യ ബസ്സുകളിൽ സൗജന്യ നിരക്കിൽ യാത്ര ചെയ്യുവാൻ അനുവദിച്ചിട്ടുണ്ട്.

5. ജി.ഒ.ആർ.ററി. 1366/90/എൽ.എ.ഡി. തീയതി 27-3-1990 അനുസരിച്ച് മുനിസിപ്പൽ കോർപ്പറേഷൻ ഏരിയായിലും ജി.ഒ ആർ.ററി. 1734/90 ത.ദ.വ. തീയതി 21-4-1990 അനുസരിച്ച് പഞ്ചായത്ത് ഏരിയായിലും ഉള്ള 40% കുറയാത്ത അംഗവൈകല്യമുള്ള ജീവനക്കാരെ തൊഴിൽ കരത്തിൽനിന്നും ഒഴിവാക്കിയിട്ടുണ്ട്.

6. സ.ഉ.(എം.എസ്.) നമ്പർ 23/90/സാ.ക്ഷേ.വ. തീയതി 19-12-1990 അനുസരിച്ച് വൃദ്ധരായ 50 വികലാംഗരെ വീതം സംരക്ഷിക്കുന്നതിനായി വയനാട്, ഇടുക്കി എന്നീ ജില്ലകളിൽ ഓരോ ഭവനങ്ങൾ തുടങ്ങുവാൻ അനുമതി നൽകിയിട്ടുണ്ട്.

7. ബുദ്ധിമാന്ദ്യം സംഭവിച്ചവരുടെ സമഗ്രമായ വികസനത്തിനുവേണ്ടി ഒരു ഇൻസ്ററിററ്യൂട്ട് ആരംഭിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. ഇൻസ്ററിററ്യൂട്ട് രജിസ്ററർ ചെയ്യുന്നതിനുള്ള അനുവാദം ജി.ഒ. (എം.എസ്.) നമ്പർ 3/91/എസ്. ഡബ്ല്യു. ഡി. തീയതി 20-2-1991 ഉത്തരവിലൂടെ നൽകിയിട്ടുണ്ട്. 1991 മാർച്ച് 2-ാം തീയതി പ്രസ്തുത സ്ഥാപനം ചാരിററബിൾ സൊസൈററീസ് ആക്ട് പ്രകാരം രജിസ്ററർ ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly

8. വികലാംഗ പെൻഷൻ 75 രൂപയിൽനിന്നും 85 രൂപയായി ഉയർത്താൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. വികലാംഗ പെൻഷൻ കുടിശിക ഇല്ലാതെ 1991 ഫെബ്രുവരി മാസം വരെ വിതരണം ചെയ്തിട്ടുണ്ട്.

9. 14-3-1991-ൽ മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കേരള ഫെഡറേഷൻ ഓഫ് ദി ബ്ലൈൻഡ് അസോസിയേഷൻ ഓഫ് ദി സൈറ്റ്ലെസ്സ് എന്നീ സംഘടനകളുടെ ഭാരവാഹികളും ബന്ധപ്പെട്ട മന്ത്രിമാരും ഉദ്യോഗസ്ഥൻമാരും പങ്കെടുത്ത ചർച്ചയിൽ അവർ ഉന്നയിച്ച ആവശ്യങ്ങൾ അനുഭാവപൂർവം പരിഗണിക്കുന്നതാണെന്ന് ഉറപ്പുനൽകുകയുണ്ടായി.

താഴെ പറയുന്ന ആനുകൂല്യങ്ങൾ സംസ്ഥാനത്ത് വികലാംഗർക്ക് നൽകി വരുന്നു

1. അന്ധർ, ബധിരർ എന്നിവരുടെ വിദ്യാഭ്യാസത്തിനായി 16 പ്രത്യേക സ്കൂളുകൾ ഇപ്പോൾ നിലവിലുണ്ട്. ഈ സ്കൂളുകളിൽ സൗജന്യ വിദ്യാഭ്യാസം നൽകുന്നതിനു പുറമെ 20,000 രൂപയിൽ താഴെ കുടുംബ വാർഷിക വരുമാനമുള്ള കുട്ടികൾക്ക് സൗജന്യ ഭക്ഷണവും താമസ സൗകര്യവും നൽകുന്നു.

2. സംയോജിത വിദ്യാഭ്യാസ പദ്ധതിയനുസരിച്ച് സാധാരണ സ്കൂളുകളിൽ പഠിക്കുന്ന അന്ധരും ബധിരരും അസ്ഥി സംബന്ധമായ വൈകല്യമുള്ളവരുമായ കുട്ടികൾക്ക് താഴെ പറയുന്ന ആനുകൂല്യങ്ങൾ നൽകിവരുന്നു.

   1. 6,000 രൂപയിൽ താഴെ കുടുംബവാർഷിക വരുമാനമുള്ള എല്ലാ കുട്ടികൾക്കും 150 രൂപ പുസ്തകങ്ങൾ വാങ്ങുന്നതിനും സ്റ്റേഷനറി സാധനങ്ങൾ വാങ്ങുന്നതിനുമായി നൽകുന്നു.

   2. 12,000 രൂപയിൽ താഴെ കുടുംബ വാർഷിക വരുമാനമുള്ള മാതാപിതാക്കളുടെ കുട്ടികൾക്ക് സ്കൂളിനും താമസസ്ഥലത്തിനും ഇടയിലുള്ള ദൂരം 2 കിലോമീറ്ററിലധികമാണെങ്കിൽ 10 മാസത്തേക്ക് പ്രതിമാസം 50 രൂപ നിരക്കിൽ ട്രാൻസ്പോർട്ട് അലവൻസ് നൽകിവരുന്നു.

   3. അസ്ഥിസംബന്ധമായ വൈകല്യമുള്ള നടക്കാൻ ബുദ്ധിമുട്ടുള്ള കുട്ടികൾക്ക് 12,000 രൂപ കുടുംബ വാർഷിക വരുമാന പരിധിക്ക് വിധേയമായി ഹൈസ്കൂൾ നിലവാരത്തിൽ പത്ത് മാസത്തേക്ക് 750 രൂപയും എൽ പി എസ്., യു.പി.എസ്. നിലവാരത്തിൽ 600 രൂപയും എസ്കോർട്ട് അലവൻസായി നൽകിവരുന്നു. (മാസമൊന്നിന് 75 രൂപ നിരക്കിലും 60 രൂപ നിരക്കിലും)

   4. പ്രത്യേകം ഉപകരണം ആവശ്യമുള്ള വിദ്യാർത്ഥികൾക്ക് 5 വർഷത്തിലൊരിക്കൽ കണ്ണട വാങ്ങുന്നതിന് 100 രൂപയും ബധിരർക്ക് ശ്രവണ സഹായിയും മറ്റ് അംഗവൈകല്യമുള്ളവർക്ക് ഓർത്തോപീഡിക്ക് ഉപകരണങ്ങളും നൽകി വരുന്നു. ഈ പദ്ധതി നടപ്പാക്കി വരുന്നത് പൊതുവിദ്യാഭ്യാസ വകുപ്പാണ്. ഈ പദ്ധതിയുടെ മുഴുവൻ ചെലവും കേന്ദ്രസർക്കാർ വഹിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

3. എല്ലാ കോഴ്സുകൾക്കും പഠിക്കുന്ന വികലാംഗവിദ്യാർത്ഥികൾക്കും വിവിധ നിരക്കിലുള്ള സ്കോളർഷിപ്പ് നൽകിവരുന്നു.

1. 15,000 രൂപയിൽ താഴെ കുടുംബ വാർഷിക വരുമാനമുള്ള ഒന്നുമുതൽ നാലാം ക്ലാസ്സുവരെ പഠിക്കുന്ന കുട്ടികൾക്ക് വർഷം 325 രൂപയും 5 മുതൽ 8-ാം ക്ലാസ്സുവരെ പഠിക്കുന്ന കുട്ടികൾക്ക് 490 രൂപയും നൽകി വരുന്നു. ഈ പദ്ധതിയുടെ ചെലവ് സംസ്ഥാന സർക്കാരാണ് വഹിക്കുന്നത്.

2. 9-ാം ക്ലാസ്സുമുതൽ മുകളിലോട്ടുള്ള എല്ലാ കോഴ്സുകൾക്കും സ്കോളർഷിപ്പുകൾ ലഭ്യമാണ്. കുടുംബ വാർഷിക വരുമാന പരിധി 24,000 രൂപയാണ്. കോഴ്സുകളുടെ സ്വഭാവമനുസരിച്ച് വീട്ടിൽനിന്ന് വന്ന് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് 85 രൂപ മുതൽ 170 രൂപ വരെ ലഭിക്കും. ഹോസ്റ്റലുകളിൽ താമസിച്ച് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് പ്രതിമാസം 140 രൂപ മുതൽ 240 രൂപവരെ ലഭ്യമാണ്. ഇതിനുപുറമെ അന്ധർക്ക് പ്രതിമാസം 50 രൂപ മുതൽ 100 രൂപവരെ റീഡേഴ്സ് അലവൻസും അനുവദിക്കുന്നു. പ്രത്യേക വാഹനങ്ങൾ ഉപയോഗിക്കുന്ന അസ്ഥി സംബന്ധമായ വൈകല്യമുള്ള വിദ്യാർത്ഥികൾക്ക് പ്രതിമാസം 50 രൂപയും പ്രത്യേക ഉപകരണങ്ങൾ ഉപയോഗിക്കുന്ന ടി വിദ്യാർത്ഥികൾക്ക് പ്രതിമാസം 25 രൂപയും അലവൻസായി ലഭിക്കും. ഈ പദ്ധതിയുടെ മുഴുവൻ ചെലവും കേന്ദ്ര സർക്കാർ വഹിക്കുന്നതാണ്.

4. വ്യവസായ വാണിജ്യ സ്ഥാപനങ്ങളിൽ പരിശീലനം നടത്തുന്ന വികലാംഗർക്ക് 24,000 രൂപ കുടുംബ വാർഷിക വരുമാന പരിധിക്ക് വിധേയമായി പോയി വരുന്നവരാണെങ്കിൽ 170 രൂപയും ഹോസ്റ്റലുകളിൽ താമസിച്ച് പഠിക്കുന്നവരാണെങ്കിൽ 240 രൂപയും പ്രതിമാസ സ്റ്റൈപൻറ് ലഭിക്കുന്നതാണ്.

5. ഗവൺമെൻറ് കോളേജ് ഹോസ്റ്റലുകളിൽ താമസിക്കുന്ന അന്ധരായ വിദ്യാർത്ഥികൾക്ക് സൗജന്യ താമസവും ഭക്ഷണവും ലഭിക്കുന്നു. സ്വകാര്യ കോളേജ് ഹോസ്റ്റലുകളിൽ താമസിക്കുന്ന അന്ധർക്ക് പ്രതിമാസം 200 രൂപയും വീട്ടിൽനിന്ന് പോയിവരുന്ന അന്ധർക്ക് 100 രൂപയും നൽകി വരുന്നു. 40%-ൽ കൂടുതൽ അസ്ഥിസംബന്ധമായ വൈകല്യമുള്ള വിദ്യാർത്ഥികൾക്ക് ഗവൺമെൻറ് ഹോസ്റ്റലുകളിൽ സൗജന്യ താമസവും ഭക്ഷണവും നൽകുന്നു. ഉന്നത വിദ്യാഭ്യാസ വകുപ്പാണ് ഈ പദ്ധതി നടപ്പാക്കുന്നത്.

6. ബുദ്ധിമാന്ദ്യം സംഭവിച്ചവർക്കുവേണ്ടി നടത്തപ്പെടുന്ന സ്വകാര്യ സ്ഥാപനങ്ങളിലെ കുട്ടികൾക്ക് 10,000 രൂപ കുടുംബവാർഷിക വരുമാന പരിധിക്ക് വിധേയമായി പ്രതിമാസം 60 രൂപ സ്കോളർഷിപ്പും പാഠ്യോപകരണങ്ങൾക്കും മറ്റുമായി 60 രൂപയും അനുവദിക്കുന്നു.

7. സാമൂഹ്യക്ഷേമ വകുപ്പിൻെറ കീഴിലുള്ള രണ്ട് തൊഴിൽ പരിശീലന കേന്ദ്രങ്ങളിലെയും ഗവൺമെൻറ് അംഗീകാരത്തോടെ നടത്തുന്ന രണ്ട് തൊഴിൽ പരിശീലന കേന്ദ്രങ്ങളിലെയും പരിശീലകർക്ക് 10,000 രൂപ കുടുംബവാർഷിക വരുമാന പരിധിക്ക് വിധേയമായി പ്രതിമാസം 150 [illegible] സ്റ്റൈപൻറ് നൽകിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

8. അന്ധരായ അഭിഭാഷകർക്ക് പ്രതിമാസ ചെലവുകൾക്കായി 2,500 രൂപയും വായനസഹായിയെ നിയമിക്കുന്നതിന് പ്രതിമാസം 400 രൂപയും നൽകിവരുന്നു. കുടുംബവാർഷിക വരുമാന പരിധി 18,000 രൂപയാണ്. ഈ സഹായം 5 വർഷക്കാലത്തേയ്ക്ക് ലഭിക്കുന്നു.

9. വിവിധ മേഖലകളിൽ പ്രവർത്തിക്കുന്ന മികച്ച 18 വികലാംഗ ജീവനക്കാർക്കും ഏറ്റവും കൂടുതൽ വികലാംഗർക്ക് തൊഴിൽ നിയമനം നൽകുന്ന 3 തൊഴിൽദായകർക്കും അവാർഡുകൾ ഏർപ്പെടുത്തിയിട്ടുണ്ട്.

10. സന്നദ്ധ സംഘടനകൾ നടത്തിവരുന്ന വികലാംഗ ഭവനങ്ങളിലെ അന്തേവാസികൾക്ക് 3,600 രൂപ കുടുംബവാർഷിക വരുമാന പരിധിക്ക് വിധേയമായി പ്രതിമാസം 60 രൂപ സംരക്ഷണ ഗ്രാന്റായി നൽകിവരുന്നു.

11. 3,600 രൂപ കുടുംബവാർഷിക വരുമാന പരിധിക്ക് വിധേയമായി വികലാംഗ പെൻഷൻ നൽകിവരുന്നു. പ്രതിമാസം 75 രൂപയാണ് പെൻഷൻ തുക. ഈ നിരക്ക് 85 രൂപയാക്കി ഉയർത്തുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. പദ്ധതി നടപ്പാക്കുന്നത് വനിത വകുപ്പ് മുഖേനയാണ്.

12. സൗജന്യനിരക്കിൽ വികലാംഗർക്ക് കൃത്രിമാവയവങ്ങളും മറ്റും തിരുവനന്തപുരം, കോട്ടയം, കോഴിക്കോട് മെഡിക്കൽ കോളേജുകളിലെ ഫിസിക്കൽ മെഡിസിൻ ആൻറ് റീഹാബിലിറ്റേഷൻ ഡിപ്പാർട്ട്മെൻറ് വഴിയും എറണാകുളം ജനറൽ ഹോസ്പിറ്റൽ വഴിയും നൽകിവരുന്നു. കൂടാതെ ഇത്തരം ഉപകരണങ്ങൾ സന്നദ്ധസംഘടനകൾ വഴി വികലാംഗർക്ക് നൽകുന്നതിന് കേന്ദ്രക്ഷേമ മന്ത്രാലയം ധനസഹായം നൽകിവരുന്നു.

13. ഉദ്യോഗ നിയമനങ്ങൾക്കായുള്ള എഴുത്ത് പരീക്ഷയ്ക്കും കൂടിക്കാഴ്ചയ്ക്കും ഹാജരാകുന്ന വികലാംഗർക്കും യാത്രാബത്ത നൽകിവരുന്നുണ്ട്. 4,000 രൂപയിൽ താഴെ കുടുംബവാർഷിക വരുമാനമുള്ളവർക്ക് മുഴുവൻ ആനുകൂല്യവും 4,000 രൂപയ്ക്ക് മുകളിൽ 6,000 രൂപ വരെ കുടുംബവാർഷിക വരുമാനമുള്ളവർക്ക് ടി ആനുകൂല്യത്തിൻറെ പകുതിയും അർഹതയുണ്ടായിരിക്കും. സംസ്ഥാനത്തിനകത്തും പുറത്തും യാത്ര ചെയ്യുന്നവർക്കും ഇത് ലഭ്യമാണ്.

14. ഉദ്യോഗ നിയമനത്തിന് നിശ്ചയിച്ചിട്ടുള്ള ഉയർന്ന പ്രായപരിധിയിൽ ഇളവും ഗ്രേസ് മാർക്കും നൽകി വരുന്നുണ്ട്. എംപ്ലായ്മെൻറ് എക്സ്ചേഞ്ചുകളിൽ ഉദ്യോഗ നിയമനത്തിനായയ്ക്കുന്ന പട്ടികയിൽ വികലാംഗർക്ക് മുൻഗണന അനുവദിക്കുന്നു.

15. വർഷംതോറും 150 വികലാംഗർക്ക് ഗവൺമെൻറ് സർവീസിൽ നേരിട്ട് നിയമനം നൽകുന്നതിനു ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

16. ഓരോ ഐ.ടി.ഐ. യിലും 5 സീറ്റും എൻജിനീയറിംഗ് കോളേജുകളിൽ 3 സീറ്റ് വീതവും പോളിടെക്നിക്കുകളിൽ 9 സീറ്റും ജൂനിയർ ടെക്നിക് സ്കൂളുകളിൽ 5% സീറ്റും ആർട്ട്സ് ആൻറ് സയൻസ് കോളേജുകളിൽ 3% സീറ്റും വികലാംഗർക്ക് സംവരണം ചെയ്തിട്ടുണ്ട്.

17. വികലാംഗക്ഷേമ പുനരധിവാസ പരിപാടികൾ നടപ്പിലാക്കുന്ന സന്നദ്ധ സംഘടനകൾക്ക് സംസ്ഥാന സാമൂഹ്യക്ഷേമ വകുപ്പിൻറെ ശുപാർശയുടെ അടിസ്ഥാനത്തിൽ പദ്ധതിയുടെ ചെലവിൻറെ 90% വരെ കേന്ദ്രക്ഷേമമന്ത്രാലയം ഗ്രാൻറ് അനുവദിക്കുന്നു.

2/836/92/V.

LIBRARY ARCHIVES Kerala Legislative Assembly

18. വികലാംഗരുടെ സംരക്ഷണത്തിനുവേണ്ടി 9 സംരക്ഷണ ഭവനങ്ങളും മന്ദബുദ്ധികൾക്കായി 3 ഭവനങ്ങളും പ്രവർത്തിച്ചുവരുന്നു. വൃദ്ധരായ വികലാംഗർക്കുവേണ്ടി 2 ഭവനങ്ങൾ കൂടി ആരംഭിക്കുവാൻ ഉത്തരവായിട്ടുണ്ട്.

19. കെ.എസ്.ആർ.റ്റി.സി. ബസുകളിലും ഡിപ്പാർട്ടുമെൻറ് ബോട്ടുകളിലും അന്ധർക്ക് സൗജന്യ യാത്ര അനുവദിച്ചിട്ടുണ്ട്. 50%-ൽ കൂടുതൽ അസ്ഥി സംബന്ധമായ വൈകല്യമുള്ളവർക്ക് യാത്രക്കൂലിയുടെ മൂന്നിൽ രണ്ട് ഭാഗം സൗജന്യം അനുവദിച്ചിട്ടുണ്ട്. സ്വകാര്യ ബസുകളിൽ അന്ധർ, ബധിരർ, അസ്ഥി സംബന്ധമായ വൈകല്യം ഉള്ളവർ എന്നിവർക്ക് 50%-ൽ കുറയാത്ത വൈകല്യമുണ്ടെങ്കിൽ 70% യാത്രാസൗജന്യം ലഭ്യമാണ്. ഒരു യാത്രയ്ക്ക് 40 കി.മി. യാത്രയ്ക്ക് മാത്രമേ സൗജന്യത്തിന് അർഹതയുള്ളൂ.

20. പൊതുമേഖലാ സ്ഥാപനങ്ങളിലേയും എയ്ഡഡ് സ്കൂളുകളിലെയും ഗവൺമെൻറ് ഡിപ്പാർട്ടുമെൻറുകളിലെയും അന്ധരും അസ്ഥി സംബന്ധമായ വൈകല്യമുള്ളവരുമായ ജീവനക്കാർക്ക് 100 രൂപ കൺവേയൻസ് അലവൻസ് നൽകിവരുന്നുണ്ട്. പാർട്ട് ടൈം ജീവനക്കാർക്ക് 50 രൂപ കൺവേയൻസ് അലവൻസ് നൽകുന്നു.

21. രജിസ്റ്റർ ചെയ്ത് രണ്ട് വർഷം പൂർത്തിയാക്കിയ വികലാംഗർക്ക് തൊഴിലില്ലായ്മ വേതനത്തിനർഹതയുണ്ട്.

22. വികലാംഗരുടേതായ മൂന്ന് സഹകരണ സംഘങ്ങൾ തിരുവനന്തപുരത്ത് പ്രവർത്തിക്കുന്നു.

23. സ്വന്തമായി വാഹനമുള്ള വികലാംഗർക്ക് 50% പെട്രോൾ സബ്സിഡിക്കർഹതയുണ്ട്. 2 കുതിരശക്തിക്ക് താഴെയുള്ള വാഹനങ്ങൾക്ക് പ്രതിമാസം ഏഴര ലിറ്റർ പെട്രോളിന് സമമായ തുകയും നൽകിവരുന്നുണ്ട്.

24. വികലാംഗരായ പരീക്ഷാർത്ഥികൾക്ക് മണിക്കൂറിന് 15 മിനിട്ട് സമയം വീതം ഇളവ് അനുവദിച്ച് വരുന്നുണ്ട്.

25. അന്ധവിദ്യാർത്ഥികൾക്ക് പരീക്ഷകളെഴുതാൻ ഒരു സഹായിയെ അനുവദിക്കുന്നുണ്ട്.

26. അന്ധവിദ്യാർത്ഥികളും അംഗീകൃത സ്ഥാപനങ്ങളിൽനിന്നും കെ.ജി.ടി.

(എ) പരീക്ഷകൾക്ക് ഹാജരാകുന്ന വിദ്യാർത്ഥികളും പരീക്ഷാ ഫീസ് അടയ്ക്കേണ്ടതില്ല. കെ.ജി.ടി., കെ.ജി.സി. പരീക്ഷകൾക്ക് ഹാജരാകുന്ന ബധിര വിദ്യാർത്ഥികൾക്ക് 25% മാർക്ക് സൗജന്യം അനുവദിച്ചുവരുന്നുണ്ട്.

(ബി) നിലവിലുള്ള പദ്ധതികളിൽ വികലാംഗത്വം നിർണ്ണയിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള നിർവചനങ്ങളുടെ പരിധിയിൽപ്പെടുന്നവർക്ക് ഗുണഭോക്താക്കളുടെ കുടുംബവാർഷിക വരുമാന പരിധിയുടെയും സന്നദ്ധസംഘടനകളാണെങ്കിൽ ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട് അനുസരിച്ച് രജിസ്റ്റർ ചെയ്ത് രണ്ട് കൊല്ലമെങ്കിലും പ്രവർത്തന പരിചയം ഉണ്ടായിരിക്കണം എന്ന നിബന്ധനയുടെ അടിസ്ഥാനത്തിലാണ് വികലാംഗർക്ക് ഉള്ള ആനുകൂല്യങ്ങൾ നൽകിവരുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(സി) തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുന്നതിന് താഴെ പറയുന്ന പരിപാടികൾ നടപ്പാക്കി വരുന്നു.

1. എംപ്ലോയ്മെൻറ് എക്സ്ചേഞ്ചുകൾ വഴി ഉദ്യോഗാർത്ഥികളെ നിയമിക്കുമ്പോൾ വികലാംഗർക്ക് മുൻഗണന നൽകി വരുന്നുണ്ട്. വികലാംഗർക്കായി ഒരു പ്രത്യേക എംപ്ലോയ്മെൻറ് എക്സ്ചേഞ്ചും ഒരു വൊക്കേഷണൽ റീഹാബിലിറേഷൻ സെൻററും വികലാംഗർക്ക് ഉദ്യോഗനിയമനം ലഭിക്കുന്നതിന് സഹായിച്ചു വരുന്നുണ്ട്.

2. കേന്ദ്ര സർക്കാർ വകുപ്പുകളിലും കേന്ദ്രപൊതുമേഖലാ സ്ഥാപനങ്ങളിലും സി.ഡി. വിഭാഗങ്ങളിൽ 3% ഒഴിവുകൾ വികലാംഗർക്കായി സംവരണം ചെയ്തിട്ടുണ്ട്.

3. സംസ്ഥാന സർക്കാർ ഉടമയിലുള്ള സ്ഥാപനങ്ങളിൽ തൊഴിലാളികളുടെ വിഭാഗത്തിൽ 1% വികലാംഗർക്കായി സംവരണം ചെയ്തിട്ടുണ്ട്. സ്പെഷ്യൽ സ്കൂളുകളിലെ അദ്ധ്യാപകരുടെ തസ്തികകളിൽ 25% വികലാംഗർക്കുവേണ്ടി നീക്കി വച്ചിരിക്കുന്നു.

4. വികലാംഗർക്ക് തൊഴിൽ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനാവശ്യമായ പരിപാടികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിനു വേണ്ടി കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ പ്രവർത്തിച്ചുവരുന്നുണ്ട്. ഈ കോർപ്പറേഷന്റെ കീഴിൽ തിരുവനന്തപുരത്തും കോഴിക്കോടും ഓരോ വിൽപ്പനശാലയും ബേക്കറിയും പ്രവർത്തിച്ചുവരുന്നുണ്ട്.

5. വികലാംഗർക്കുവേണ്ടി 10000 പെട്ടിക്കടകൾ ആരംഭിക്കുന്നതിനുള്ള പരിപാടി വികലാംഗക്ഷേമ കോർപ്പറേഷൻ നടപ്പാക്കി വരുന്നു.

27. 40%-ൽ കുറയാത്ത അംഗവൈകല്യമുള്ള ജീവനക്കാരെ തൊഴിൽരഹിതരിൽനിന്നും ഒഴിവാക്കിയിട്ടുണ്ട്.

28. ബുദ്ധിമാന്ദ്യം സംഭവിച്ചവരുടെ സമഗ്രമായ വികസനത്തിനുവേണ്ടി ഒരു ഇൻസ്റിറ്റ്യൂട്ട് ആരംഭിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

29. വികലാംഗരുടെ രജിസ്ട്രേഷൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിർബന്ധമാക്കുന്നതിനുള്ള ചട്ടങ്ങൾ പ്രസിദ്ധപ്പെടുത്താനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

30. അന്ധ-ബധിര-മൂക വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ പുരോഗതിക്കായി ഒറ്റപ്പാലത്തും കുന്നംകുളത്തുമുള്ള ബധിര സർക്കാർ വിദ്യാലയങ്ങൾ ഹൈസ്കൂളായി ഉയർത്തി.

31. സ്വകാര്യ മേഖലയിലെ നാല് സ്കൂളുകൾ ഹൈസ്കൂളുകളായി ഉയർത്തി. കൂടാതെ ആറ് വികലാംഗ വിദ്യാലയങ്ങൾ സ്വകാര്യ മേഖലയിൽ ആരംഭിച്ചു.

ഒന്നാം ക്ലാസിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് സ്ലേറ്റും പെൻസിലും സൗജന്യമായി വിതരണം ചെയ്യുന്ന പദ്ധതി പ്രകാരം 1991-92 വർഷത്തിൽ കേരളത്തിൽ ഏതാണ്ട് 7 ലക്ഷം വരുന്ന വിദ്യാർത്ഥികൾക്ക് നൽകേണ്ട സ്ലേറ്റുകൾ നിർമ്മിക്കുന്ന ഒരു ബൃഹത് പദ്ധതിക്ക് സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ രൂപം നൽകി നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ആലപ്പുഴയിൽ 50 വികലാംഗ വനിതകളുടെ ഒരു സൊസൈറ്റി രൂപീകരിച്ചു യും അവരെക്കൊണ്ട് സ്റ്റോറുകളും നിർമ്മിച്ചുവരികയുമാണ്. ഈ പദ്ധതി പ്രകാരം 50 വികലാംഗരായ പെൺകുട്ടികൾക്ക് തൊഴിൽ ലഭിച്ചിട്ടുണ്ട്.

കോർപ്പറേഷന്റെ കീഴിൽ തിരുവനന്തപുരത്തും കോഴിക്കോടും പ്രവർത്തിക്കുന്ന സൗഭാഗ്യ ഡിപ്പാർട്ടുമെന്റ് സ്റ്റോറുകളും മുഖേന സാമൂഹ്യ ക്ഷേമ വകുപ്പിന്റെ കീഴിലുള്ള മുഴുവൻ ഐ.സി.ഡി.എസ്. പ്രോജക്ടുകൾക്കും ആവശ്യമായ അരി, ചെറുപയർ എന്നിവ വിതരണം ചെയ്തു വരുന്നു. ഈ പദ്ധതി പ്രകാരം സ്റ്റോറിലെ വിൽപ്പന ഗണ്യമായി വർദ്ധിക്കുന്നതോടൊപ്പം വികലാംഗരായ മൂന്ന് പേർക്ക് ജോലി നൽകുവാനും സാധിച്ചിട്ടുണ്ട്.

കേന്ദ്രസഹായമായ 12 ലക്ഷം രൂപ, മൂന്ന് വീൽ സൈക്കിൾ, വീൽ ചെയർ, ശ്രവണ സഹായി, കാലിപർ തുടങ്ങിയ ഉപകരണങ്ങൾ വിതരണം ചെയ്യുന്നതിനായി മാറ്റിവച്ചിട്ടുള്ളതാണ്. ഈ പദ്ധതികൊണ്ട് ഏതാണ്ട് 750-ലധികം വികലാംഗർക്ക് പ്രയോജനം ലഭിക്കുന്നതാണ്. കൂടാതെ സംസ്ഥാനത്തിലെ ഇതര പൊതുമേഖലാ സ്ഥാപനങ്ങൾ, ദേശസാൽകൃത ബാങ്കുകൾ മുതലായ സ്ഥാപനങ്ങളിൽനിന്നും ലഭിച്ച 1,57,196 രൂപ വികലാംഗർക്ക് വീൽ ചെയർ ട്രൈസൈക്കിൾ, ശ്രവണ സഹായി മുതലായവ സൗജന്യമായി വിതരണം ചെയ്യുന്നതാണ്. കൂടാതെ ഒരു ലക്ഷം രൂപ വില വരുന്ന 50 വീൽ ചെയർ ട്രൈ സൈക്കിൾ എന്നീ ഉപകരണങ്ങളും 5,000 രൂപ വില വരുന്ന 10 ശ്രവണ സഹായികളും (മൊത്തം 1,05,000 രൂപ) 60 വികലാംഗർക്ക് സൗജന്യമായി വിതരണം ചെയ്തിട്ടുണ്ട്.

കോർപ്പറേഷന്റെ കീഴിൽ തിരുവനന്തപുരത്ത് പേട്ടയിൽ പ്രവർത്തിക്കുന്ന കവർ നിർമ്മാണ യൂണിറ്റിനോട് അനുബന്ധിച്ച് അടുത്ത കാലത്തായി ഒരു ചെറിയ പ്രിന്റിംഗ് പ്രസ്സും ആരംഭിക്കുകയും ചെറിയ തോതിലുള്ള അച്ചടി ജോലികളും ഏറ്റെടുത്തുകൊണ്ട് യൂണിറ്റിന്റെ വരുമാനം വർദ്ധിപ്പിക്കുകയും ഒരു വികലാംഗനു ജോലി നൽകുകയും ചെയ്തു.

വികലാംഗർക്കായി പഞ്ചായത്തുകളിൽ 10,000 പെട്ടിക്കടകളും തുടങ്ങുന്നതിന് കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷനു അനുമതി നൽകിയിട്ടുണ്ട്. പ്രതിവർഷം 100 വികലാംഗർക്ക് ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കും. പെട്ടിക്കടയുടെ നിർമ്മാണത്തിനായി 2,000 രൂപ ധന സഹായവും 1,000 രൂപ സബ്സിഡിയായും ദേശസാൽകൃത ബാങ്കുകളും മുഖേന വിതരണം ചെയ്യുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly